ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# മൂല്യവർധിത നന്മകൾ

عَنْ عُقْبَةَ بْنِ عَامِرٍ، قَالَ سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ : إِنَّ اللَّهَ عَزَّ وَجَلَّ يُدْخِلُ بِالسَّهْمِ الْوَاحِدِ ثَلاَثَةَ نَفَرٍ الْجَنَّةَ : صَانِعَهُ يَحْتَسِبُ فِي صَنْعَتِهِ الْخَيْرَ، وَالرَّامِيَ بِهِ، وَمُنْبِلَهُ

**ഉഖ്ബത്തുബ്നു ആമിറി(റ)ൽനിന്ന് നിവേദനം. നബി(സ) പ്രസ്താവിക്കുന്നത് ഞാൻ കേട്ടു: 'നിശ്ചയം അല്ലാഹു ഒരു അമ്പ് വഴി മൂന്നു പേരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതായിരിക്കും. തന്റെ അമ്പു നിർമാണത്തിലൂടെ നന്മയുടെ പ്രതിഫലം കാംക്ഷിക്കുന്ന നിർമാതാവ്, അമ്പ് എയ്യുന്ന ആൾ, എയ്യാൻ എടുത്തുകൊടുക്കുകയും എയ്ത അമ്പ് തിരിച്ചെത്തിക്കുകയും ചെയ്യുന്ന ആൾ' (അബൂദാവൂദ്).**

നെയ്യപ്പം തിന്നാൽ രണ്ടുണ്ട് കാര്യം. വിശപ്പു മാറും, കൈയിൽ പറ്റിയ എണ്ണ തലയിലും തേക്കാം. ഒരു കാര്യത്തിലൂടെ ഒന്നിലധികം നേട്ടങ്ങൾ കൈവരിക്കുന്നതിനാണല്ലോ നാം മേൽപ്രയോഗം നടത്തുന്നത്.

ഒരു പ്രവൃത്തിയുടെ ഗുണവും നേട്ടവും ഒരാൾക്കു മാത്രമാണെങ്കിൽ അതിന്റെ പ്രതിഫലം താരതമ്യേന കുറവായിരിക്കും. അതേസമയം അതുവഴി കൂടുതൽ പേർക്ക് ഫലം ലഭ്യമാവുമെങ്കിൽ അതിന്റെ പ്രതിഫലം വർധിക്കും. തൽസമയങ്ങളിൽ നൽകുന്ന സ്വദഖയേക്കാൾ സ്ഥായിയായി ഫലം നൽകുന്ന ജാരിയായ സ്വദഖയുടെ പുണ്യം കൂടുതലാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

മൂല്യവർധിത ഉൽപന്നങ്ങൾ എന്നത് ഇന്ന് നാം കൂടുതലായി കേൾക്കുന്ന പ്രയോഗമാണ്. ഒരു ഉൽപന്നം തനതു രൂപത്തിൽ ഉപയോഗിക്കുന്നതിനു പകരം അതിന്റെ സ്വത്വ ഗുണം നിലനിർത്തിക്കൊണ്ടുതന്നെ വ്യത്യസ്ത മാറ്റങ്ങളോടെ ലഭ്യമാക്കുമ്പോൾ കൂടുതൽ വിലമതിക്കപ്പെടുന്നതിനെയാണല്ലോ നാം ഇങ്ങനെ വ്യവഹരിക്കുന്നത്. ഏതുൽപന്നവും ഇങ്ങനെ വിപണനം ചെയ്യപ്പെടുന്ന സാങ്കേതിക വിദ്യ വികസിപ്പിച്ച കാലമാണിത്. ഒരു ഘട്ടത്തിൽ മലയാളികൾ വേണ്ടത്ര പരിഗണന നൽകാതിരുന്ന ചക്ക മൂല്യവർധിത രീതിയിൽ വിപണനം ചെയ്യപ്പെട്ടു തുടങ്ങിയതും അതിനു സ്വീകാര്യത ലഭിച്ചതും നമുക്കറിയാം.

എങ്ങനെയാണ് നന്മകൾ ബഹുമുഖ രീതികളിൽ പുണ്യകരമാവുന്നതെന്ന് നബി(സ) പലതവണ വിശദീകരിച്ചിട്ടുണ്ട്. ഒരു നന്മ കേവല നന്മ എന്നതിനപ്പുറം കൂടുതൽ നന്മകളിലേക്ക് വഴി തുറക്കുന്നതിന്റെ മാതൃകയാണ് മേൽ നബിവചനത്തിലുള്ളത്. സ്വന്തം കുഞ്ഞിന് മാതാവെന്ന നിലയിൽ മുലകൊടുത്തതോടൊപ്പം മുലയൂട്ടലിന് പ്രതിഫലം ലഭിച്ച മൂസാ നബിയെ ഉദാഹരിച്ചുകൊണ്ട് നബി(സ) പറഞ്ഞതായി അബൂദാവൂദിന്റെ മറാസീലിൽ (നമ്പർ: 332) ഇങ്ങനെ കാണാം:

'എന്റെ സമുദായത്തിൽനിന്ന് യുദ്ധം ചെയ്യുകയും അതിന് പ്രതിഫലം വാങ്ങി ശത്രുക്കൾക്കെതിരെ ശക്തി സംഭരിക്കുകയും ചെയ്യുന്നവരുടെ ഉദാഹരണം, സ്വന്തം കുഞ്ഞിന് മുലകൊടുക്കുകയും അതിന് പ്രതിഫ

ലം ലഭിക്കുകയും ചെയ്ത മൂസായുടെ മാതാവിന്റേതാണ്.' മറ്റൊരു നബിവചനം ഇങ്ങനെ: 'ചെയ്യുന്ന ജോലിയിൽ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള നന്മ പ്രതീക്ഷിക്കുന്ന തൊഴിലാളിയുടെ ഉദാഹരണം, സ്വന്തം കുഞ്ഞിനെ മുലയൂട്ടി പ്രതിഫലം വാങ്ങിയ മൂസായുടെ മാതാവിന്റേതാണ്' (തഫ്സീറു ഇബ്നു കസീർ *ത്വാഹാ*: 40, *ഖസ്വസ്വ്*: 12,13).

അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള ക്ഷണവും അതിനായുള്ള പ്രവർത്തനങ്ങളും അന്യായമായി തടയപ്പെടുമ്പോൾ അനിവാര്യമായും ശത്രുക്കളുമായി സംഘർഷങ്ങളും സംഘട്ടനങ്ങളും ഉണ്ടായെന്നുവരും. അതിന്റെ ഭാഗമായി ആയുധപ്രയോഗങ്ങളും വേണ്ടിവരാം. അതിലൊന്നാണ് അസ്ത്രവും അസ്ത്രവിദ്യയും അസ്ത്രപ്രയോഗവും. ശത്രുക്കൾക്കെതിരെ പ്രയോഗിക്കാൻ വേണ്ടി നിർമിക്കുന്ന ഒരു അസ്ത്രം വഴി മൂന്നു പേർക്ക് സ്വർഗമെന്ന പ്രതിഫലം ലഭിക്കുമെന്ന നബി(സ)യുടെ സന്തോഷ വാർത്തയാണ് മേൽ നബിവചനത്തന്റെ ആദ്യഭാഗം ഊന്നുന്നത്. അതിന്റെ പ്രഥമ ഗുണഭോക്താവ് നിർമാതാവ് തന്നെ. ഇസ്‌ലാമിക സമൂഹത്തിന്റെ ആത്മരക്ഷക്കായും, ഒരു ഘട്ടം കഴിഞ്ഞാൽ പ്രത്യാക്രമണത്തിനായും ഉപയോഗപ്പെടുത്തി അല്ലാഹുവിന്റെ പ്രീതി നേടുക എന്നതാണ് നിർമാതാവിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ അത് സ്വയം ഒരു നന്മയും പ്രതിഫലദായകമായ കർമവുമാണ്. യുദ്ധം ഒരു സന്ദിഗ്ധ ഘട്ടമായതിനാൽ മറ്റു കർമങ്ങളിൽനിന്ന് ഭിന്നമായി അതിന് അതിന്റേതായ മൂല്യം കൂടുകയും ചെയ്യും. അമ്പു നിർമാണം വൈദഗ്ധ്യം ആവശ്യമുള്ള തൊഴിലായതിനാൽ അതിന്റേതായ പരിഗണന വേറെയുമുണ്ട്.

നിർമാണം പോലെ പ്രധാനമാണ് അസ്ത്ര പ്രയോഗവും. അമ്പ് ലക്ഷ്യത്തിലെത്തിക്കാൻ നല്ല വൈദഗ്ധ്യം വേണം. അതുകൊണ്ട് അസ്ത്രപ്രയോഗി പ്രതിഫലാർഹനാവുന്നു. അസ്ത്രങ്ങൾ ഉള്ളതുകൊണ്ടുമാത്രം കാര്യമില്ല. പ്രയോഗിക്കാൻ ആളുവേണം. പ്രയോഗിക്കുന്നത് അറിഞ്ഞുകൊണ്ടാവണം.

അമ്പെയ്യുമ്പോൾ അടുത്തു നിൽക്കുകയും തൊടുത്തു വിടാൻ അമ്പ് എടുത്തു നൽകാനോ, വിട്ട അമ്പുകൾ ലക്ഷ്യസ്ഥാനത്തുനിന്ന് തിരികെ എത്തിച്ചുനൽകി സഹായിക്കാനോ നിൽക്കുന്നയാളാണ് മൂന്നാമത്തെയാൾ. അമ്പെയ്യുന്ന ആൾക്ക് വലിയ സഹായമാണിയാൾ. അയാൾ വഴി അമ്പെയ്യുന്ന ആൾക്ക് തന്റെ ജോലി കൂടുതൽ കാര്യക്ഷമമായി നിർവഹിക്കാൻ കഴിയുന്നു. ചുരുക്കത്തിൽ, ഒരേയൊരമ്പ് ഒരേസമയം മൂന്നു പേർക്ക് പ്രതിഫലം നേടിക്കൊടുക്കുന്നു; ചില സാഹചര്യങ്ങളിൽ കൂടുതൽ പേർക്കും.

ഇതേവിഷയം നബി(സ) മറ്റു ചില സന്ദർഭങ്ങളിൽ ജീവിതത്തിലെ വ്യത്യസ്താവസ്ഥകളുമായി ബന്ധപ്പെടുത്തിയും പഠിപ്പിച്ചുതന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണുക:

'അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നതിനായി പോരാളിയെ സജ്ജമാക്കിയാൽ പോരാളിയുടെ പ്രതിഫലം അയാൾക്ക് ലഭിക്കും. ആരെങ്കിലും പോരാട്ടത്തിൽ പങ്കെടുക്കുന്നതിനായി പോയ ആളുടെ പ്രതിനിധിയായി കഴിയുകയും പോരാളിയുടെ കുടുംബത്തിനു വേണ്ടി ചെലവഴിക്കുകയും ചെയ്താൽ അയാൾക്ക് പോരാളിയുടെ പ്രതിഫലം ലഭിക്കും' (ത്വബറാനി). ഇതേ ആശയം ബുഖാരിയിലും കാണാം. 'യുദ്ധത്തിനായി പുറത്തുപോയ ആളുടെ പ്രതിനിധിയായി തങ്ങുന്നവന് യോദ്ധാവിന്റേതിനു തുല്യം പ്രതിഫലമുണ്ടായിരിക്കും' (മുസ്‌ലിം).

'ഒരു സ്ത്രീ തന്റെ വീട്ടിൽനിന്ന് ദോഷകരമാവാത്ത വിധത്തിൽ തന്റെ ഭക്ഷണത്തിൽനിന്ന് വല്ലതും ചെലവഴിച്ചാൽ ചെലവഴിച്ചതിന്റെ പേരിൽ അവൾക്ക് പ്രതിഫലമുണ്ടാവും. അവളുടെ ഭർത്താവിന് അയാൾ സമ്പാദിച്ചതിന് പ്രതിഫലമുണ്ടാവും. ആ ഭക്ഷണം സൂക്ഷിച്ചുവെച്ച ആൾക്കും അതുപോലുള്ള പ്രതിഫലമുണ്ടാവും. ഒരാൾക്കും മറ്റൊരാളുടെ പ്രതിഫലം കാരണം അയാളുടെ പ്രതിഫലം കുറയുകയില്ല' (ബുഖാരി, മുസ്‌ലിം).

**ഒരു പ്രവൃത്തിയുടെ ഗുണവും നേട്ടവും ഒരാൾക്കു മാത്രമാണെങ്കിൽ അതിന്റെ പ്രതിഫലം താരതമ്യേന കുറവായിരിക്കും. അതേസമയം അതുവഴി കൂടുതൽ പേർക്ക് ഫലം ലഭ്യമാവുമെങ്കിൽ അതിന്റെ പ്രതിഫലം വർധിക്കും. തൽസമയങ്ങളിൽ നൽകുന്ന സ്വദഖയേക്കാൾ സ്ഥായിയായി ഫലം നൽകുന്ന ജാരിയായ സ്വദഖയുടെ പുണ്യം കൂടുതലാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.**

നിഷ്കളങ്കമായ സത്യവിശ്വാസം കഴിഞ്ഞാൽ പാരത്രിക മോക്ഷത്തിന് നിദാനം സൽപ്രവൃത്തികളാണ്. അതുകൊണ്ടുതന്നെ നന്മകളെ പല പ്രകാരത്തിൽ പലർക്കും പ്രതിഫലം പ്രാപ്യമാകുമാറ് നാം വികസിപ്പിച്ചെടുക്കണം. സമൂഹത്തിൽ നന്മേഛ വളർത്താനും ഈ രീതി സഹായിക്കും. നാം നൽകുന്ന സ്വദഖയോ സംഭാവനയോ മക്കളെ ഏൽപിച്ച് അവർ വഴി അർഹർക്ക് കൈമാറുമ്പോൾ മക്കൾക്ക് ചില നല്ല പാഠങ്ങൾ ലഭിക്കുന്നു. നന്മകളുടെയും സുകൃതങ്ങളുടെയും നേരെ ഇത്തരമൊരു രചനാത്മക സമീപനമുണ്ടാവണമെങ്കിൽ എത്ര ചെറിയ നന്മയെയും വലുതായി വിലമതിക്കാൻ കഴിയുന്ന നിലവാരവും നിലപാടും വേണം. അങ്ങനെയുള്ളവർക്ക് മൂല്യവർധിത നന്മകളുടെ വക്താക്കളും പ്രയോക്താക്കളുമാകാൻ കഴിയും. ●